# 1

# യിസ്രായേലിലെ ദൈവ മനുഷ്യൻ

## (1 രാജാക്കന്മാർ 16:29-17:1)

ഒരു പ്രത്യേകതയുള്ള മനുഷ്യനെ കുറിച്ച് പഠിക്കുന്നതുകൊണ്ട് ഇതിനൊപ്പം സഞ്ചരിക്കുക. യിസ്രായേൽ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും ശ്രേഷ്ഠവും കാൽപനികവുമായ സ്വഭാവത്തിനുടമയായിരുന്നു അയാൾ. ഇരുട്ടിൽ ഉണ്ടാകുന്ന ഒരു മിന്നൽ പോലെയാണ് അയാൾ വരുന്നത്; അയാളുടെ സമയത്തെ കറുപ്പിനെ കീറി മുറിക്കുന്ന ഉൽക്കയെ പോലെയായിരുന്നു അയാൾ എന്നു പറയാം; അയാൾ അക്ഷരികമായി ഒരു ചുഴലിക്കാറ്റിൽ അകപ്പെട്ടതുപോലെയായിരുന്നു. അയാളെ ''അഗ്നി മനുഷ്യൻ'' എന്നു വിളിച്ചിരുന്നു, അയാളെ നാം വിളിക്കുന്നത്, ''യിസ്രായേലിലെ ദൈവ പുരുഷൻ ആയ'' - ഏലിയാവ് എന്നാണ്.

നമുക്ക് അറിയാവുന്ന ഏലിയാവിനെ കുറിച്ച് ബൈബിളിൽ വളരെ കുറച്ച് അദ്ധ്യായങ്ങൾ മാത്രമെ പറയുന്നുള്ളു, എന്നാൽ ആ മനുഷ്യനെ കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതാണ്. അബ്രഹാമിനേയും മോശെയേയും മാറ്റി നിർത്തിയാൽ പുതിയനിയമകാലത്ത് ഏറ്റവും ആദരിച്ചിരുന്ന യെഹൂദന്മാരായ ചരിത്ര പുരുഷന്മാരിൽ പ്രഥമസ്ഥാനത്തു നിൽക്കുന്ന ഒരാളായിരുന്നു ഏലിയാവ്. മറ്റു പഴയനിയമ പ്രവാചകന്മാരെ അപേക്ഷിച്ച് പുതിയനിയമത്തിൽ ഈ പ്രവാചകനെ മുപ്പതിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

യേശുവിന്റെ മറുരൂപസമയത്ത്, അവൻ മോശെയും ദാവീദുമായിട്ടോ, അല്ലെങ്കിൽ മോശെയും യെശയ്യാവുമായിട്ടോ അല്ല കാണപ്പെട്ടത്, പിന്നെയോ, മോശെയും ഏലിയാവുമായിട്ടായിരുന്നു. മോശെ ഒരു വലിയ നിയമ ദാതാവായിരുന്നു; ഒരു ദേശത്തെ മുഴുവൻ ന്യായപ്രമാണത്തിലേക്ക് കൊണ്ടുവന്ന മനുഷ്യനായിരുന്നു ഏലിയാവ്. ദൈവത്തിന്റെ കൽപനകൾ നല്കുക എന്നതു പ്രാധാന്യമുള്ള കാര്യമാണ്; അതുപോലെ തുല്യപ്രാധാന്യമുള്ള കാര്യമാണ് ജനങ്ങളെ ദൈവത്തിന്റെ ചട്ടങ്ങളിലേക്കും വിധികളിലേക്കും തിരിച്ചുകൊണ്ടുവരിക എന്നത്.

ഏലിയാവ് മൗലികത്വമുള്ളവനായിരുന്നു. *മോണോ ലിസ*യുടെ പകർപ്പ് ആർക്കും പണം കൊടുത്തു വാങ്ങാം. എന്നാൽ അതിന്റെ ആദിയിലുണ്ടായിരുന്നതിന് വില മതിക്കുവാനോ വാങ്ങുവാനോ കഴിയുകയില്ല. അതുപോലെ, ഏലിയാവ് തന്റെ കാലത്ത് ദൈവത്തിനു വേണ്ടി ചെയ്തതിനെ വിലയിരുത്തുവാൻ ഒരു മനുഷ്യനും സാധ്യമല്ല.

നാം ഏലിയാവിനേയും അവൻ ചെയ്ത എല്ലാറ്റിനേയും നോക്കുമ്പോൾ, എങ്ങനെയായാലും, അവനെ നമുക്ക് കാണുവാൻ കഴിയാത്ത വിഭവങ്ങൾ ഉപയോഗിച്ച് നേട്ടങ്ങൾ കൈവരിച്ച ഒരു അസാധാരണ മനുഷ്യനായിട്ടല്ല ഏലിയാവിനെ നാം കാണുന്നത്. ദൈവജനത്തിന് ആ വിലയിരുത്തലിൽ തെറ്റു സംഭവിച്ചു. രണ്ടു നിയമങ്ങൾക്കുമിടക്കുള്ള കാലയളവിൽ യഹൂദന്മാർ ഏലിയാവിനെ കുറിച്ച് പല കഥകളും മെനഞ്ഞുണ്ടാക്കി അവനെ മർത്യമ

നുഷ്യനേക്കാളുപരിയായ പര്യവേഷം നൽകി. അതുകൊണ്ട് യാക്കൊബ് തന്റെ ലേഖനത്തിൽ ഒരു ചിത്രീകരണത്തിനായി ഏലിയാവിനെ പെട്ടെന്ന് ഉദ്ധരിച്ചു പറഞ്ഞു, ''ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു'' (യാക്കൊബ് 5:17). കെജെവി പറയുന്നത്, ''ഏലിയാവ് നമ്മെപോലെ അഭിലാഷങ്ങൾ ഉള്ള സാധാരണ മനുഷ്യനായിരുന്നു'' എന്നാണ്. നമുക്ക് തോന്നുന്നതുപോലെ അവനും തോന്നിയിരുന്നു. നാം വിഷമിക്കുന്നതുപോലെ അവനും വിഷമിച്ചിരുന്നു. നാം നിരുൽസാഹപ്പെടുന്നതുപോലെ അവനും നിരുൽസാഹപ്പെട്ടിരുന്നു.

എങ്ങനെയായാലും, ഏലിയാവ് ദൈവത്തിനു പ്രത്യേകതയുള്ള സ്ഥലത്ത്, പ്രത്യേക സമയത്തുണ്ടായിരുന്ന മനുഷ്യനായിരുന്നു എന്ന കാര്യം നിലനില്ക്കുന്നു അവന്റെ ജീവിതത്തിൽകൂടെ നാം കടന്നുപോകുമ്പോൾ, അത് എന്തുകൊണ്ടാണെന്ന് നമുക്ക് മനസിലാകും.

## ഏലിയാവിന്റെ കാലത്തെ യിസ്രായേൽ

അവന്റെ കാലത്തെ പശ്ചാത്തലം നോക്കിയാൽ മാത്രമെ നമുക്ക് ഏലിയാവിനെ പൂർണ്ണമായി അഭിനന്ദിക്കുവാൻ കഴിയുകയുള്ളു. ഒരു കലാസൃഷ്ടിയായ നല്ല ഒരു ചിത്രം കാണുകയുണ്ടായി. അത് കയ്യും കാലും ഇല്ലാത്ത ഒരു മനുഷ്യൻ വായിൽ ബ്രഷ് വെച്ച് വരച്ചതാണെന്ന് അതിന്റെ അടിയിൽ എഴുതി വെച്ചിരുന്നതു വായിച്ചപ്പോൾ, ഞാൻ ചിത്രത്തെ *വാസ്തവത്തിൽ* അനുമോദിച്ചു. അതുപോലെ, 1 രാജാക്കന്മാർ അദ്ധ്യായം 17 മുതലുള്ള അദ്ധ്യായങ്ങൾ വായിക്കുമ്പോൾ കിട്ടുന്ന അറിവ് വെച്ച് നാം ഏലിയാവിനെ അനുമോദിക്കുമെങ്കിലും, അവൻ ജീവിച്ചതും പ്രവർത്തിച്ചതുമായ കാലത്തെ പശ്ചാത്തലം അറിയുമ്പോൾ നാം അവനെ അധികമായി അനുമോദിക്കും:

> യെഹൂദാരാജാവായ ആസയുടെ മുപ്പത്തി-യെട്ടാം ആണ്ടിൽ ഒമ്രിയുടെ മകനായ ആഹാബ് യിസ്രായേലിൽ രാജാവായി. ഒമ്രിയുടെ മകനായ ആഹാബ് ശമര്യയിൽ യിസ്രായേലിനെ ഇരുപത്തി-രണ്ട് സംവൽസരം വാണു (1 രാജാക്കന്മാർ 16:29).

''യെഹൂദാ'' ''യിസ്രായേൽ'' എന്നീ വാക്കുകൾ ശ്രദ്ധിക്കുക. ഐക്യരാജ്യത്തെ വാണിരുന്ന രാജാക്കന്മാരായിരുന്നു, ശൗൽ, ദാവീദ്, ശലോമോൻ എന്നിവർ. പക്ഷെ ശലോമോന്റെ മകൻ രെഹബെയാമിന്റെ വാഴ്ച്ചക്കാലത്ത് അവൻ തെറ്റായ ഉപദേശം സ്വീകരിച്ചതുകൊണ്ട് രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു (1 രാജാക്കന്മാർ 12). തുടർന്ന് ആഭ്യന്തരകലഹം ഉണ്ടായി. പിന്നെ പുക മാറി രാജ്യം ഒന്നിനു പകരം രണ്ടായിതീർന്നു. പന്ത്രണ്ടു ഗോത്രങ്ങളിലെ രണ്ടു ഗോത്രങ്ങൾ മാത്രമായി തെക്കെ രാജ്യം എന്നറിയപ്പെട്ടു. അതിൽ അധികവും യഹൂദാ ഗോത്രക്കാരായിരുന്നതുകൊണ്ട്, ആ രാജ്യത്തെ യെഹൂദാ രാജ്യം എന്നറിയപ്പെട്ടു. അവർ ബാബിലോന്ന് കീഴടങ്ങുന്നതുവരെ അവിടെ പതിനേഴു രാജാക്കന്മാർ വാണിരുന്നു, അവരെല്ലാവരും ദാവീദിന്റെ പിൻഗാമികളായിരുന്നു.

നമുക്ക് കൂടുതൽ താൽപര്യം ജനിപ്പിക്കുന്നത്, ഏലിയാവ് പ്രവർത്തിച്ചിരുന്ന വടക്കെ രാജ്യമാണ്. വടക്കെ രാജ്യത്തെ യിസ്രായേൽ രാജ്യം എന്നാണ് വിളിച്ചിരുന്നത്, കാരണം യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ പത്തും

ഉൾപ്പെടുന്നതായിരുന്നു അത്. വിഗ്രഹാരാധിയായിരുന്ന യെരോബയാം ആയിരുന്നു അവിടത്തെ ആദ്യത്തെ രാജാവ്. അവസാനം അശൂര്യരാൽ രാജ്യം നശിപ്പിക്കപ്പെടുന്നതുവരെ പത്തൊമ്പതു രാജാക്കന്മാർ ഭരിച്ചിരുന്നു, അവരെല്ലാവരും മോശക്കാരായിരുന്നു.

ആഹാബ് യിസ്രായേലിനെ ഇരുപത്തി-രണ്ട് സംവൽസരം വാണു. അവന്റെ വാഴ്ച്ചക്കാലത്ത് യിസ്രായേൽ ഒരു ദേശമായി ഉയർന്നിരുന്നു എന്നാണ് ലോകചരിത്രം വ്യക്തമാക്കുന്നത്. ആഹാബ് വലിയൊരു നിർമ്മാതാവായിരുന്നു (1 രാജാക്കന്മാർ 21:1; 22:39 നോക്കുക). അവൻ വലിയ ഒരു സൈന്യാധിപനായിരുന്നു. ഒരിക്കൽ അവൻ അശൂര്യരെ വിജയകരമായി തോൽപ്പിച്ചിരുന്നു. അവന്റെ വിദേശ നയം ശ്രേഷ്ഠമായിരുന്നു. രാഷ്ട്രീയമായി, ലൗകികമായി, സൈനികപരമായി, അവൻ വളരെ നേട്ടം കൈവരിക്കയുണ്ടായി. അവന്റെ വാഴ്ച്ചക്കാലത്ത് പൊതുവിൽ സമാധാനവും ഐശ്വര്യവും ഉണ്ടായിരുന്നു.

എങ്ങനെയായാലും, ദൈവശ്വാസിയ എഴുത്തുകാരൻ അതിനെ കുറിച്ച് വളരെ കുറച്ചു മാത്രമെ പറയുന്നുള്ളു. അവ ഒന്നും പ്രാധാന്യമുള്ള കാര്യങ്ങളായിരുന്നില്ല. ആ വാഴ്ച്ചയെ കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ച്ചപ്പാടിനെ 1 രാജാക്കന്മാർ 16:30 വെളിപ്പെടുത്തുന്നു: ''ഒമ്രിയുടെ മകനായ ആഹാബ് തനിക്ക് മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും അധികം യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു.''

''മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും''; അതെത്രമാത്രം മോശമായിരുന്നു? അവൻ വിശുദ്ധന്മാരുടെ പാരമ്പര്യത്തിൽ വന്നിരുന്നെങ്കിൽ, മോശമാകുമായിരുന്നില്ല. ആ പ്രയോഗം മനസിലാക്കുവാൻ, ആഹാബിന്റെ മുൻഗാമികളെ കുറിച്ച് അവലോകനം നടത്തേണ്ടിയിരിക്കുന്നു.

യിസ്രായേലിലെ ആദ്യ രാജാവായിരുന്ന, *യൊരോബയാം*, ഒരു വിഗ്രഹാരാധിയായിരുന്നു.

> ആകയാൽ രാജാവ് [യൊരോബെയാം] ആലോചിച്ചു പൊന്നുകൊണ്ട് രണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി ''നിങ്ങൾ യെരുശലേമിൽ പോയതു മതി. യിസ്രായേലേ, ഇതാ നിന്നെ മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം'' എന്ന് അവരോട് പറഞ്ഞു. അവൻ ഒന്നിനെ ബേഥേലിലും, മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു .... അവൻ പൂജാഗിരിക്ഷേത്രങ്ങളും ഉണ്ടാക്കി ലേവ്യരല്ലാത്ത സർവ്വജനങ്ങളിൽനിന്നു പുരോഹിതന്മാരെയും നിയമിച്ചു .... യൊരോബെയാം എട്ടാം മാസം പതിനഞ്ചാം തീയതി താൻ ഉണ്ടാക്കിയ യാഗപീഠത്തിങ്കൽ സ്വമേധാ ചെന്നു ; യിസ്രായേൽ ജനത്തിന് ഒരു ഉൽസവം നിശ്ചയിക്കുകയും യാഗപീഠത്തിനരികിൽ ചെന്നു ധൂപം കാട്ടുകയും ചെയ്തു (1 രാജാക്കന്മാർ 12:28, 29, 31, 33).

യൊരോബെയാം ഒരു നടത്തക്കാരനായിരുന്നു. അവൻ വിഗ്രഹാരാധനയുടെ വിത്തുകൾ പാകി, അത് ആഴത്തിൽ നട്ടു. അവന്റെ പിൻഗാമികളെല്ലാം, യൊരോബെയാമിന്റെ ദുഷ്പ്രവൃത്തികളിൽ നടന്നതായി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരിക്കുന്നു.

യൊരോബെയാം ഇരുപത്തി-രണ്ട് വർഷം വാണു; പിന്നെ അവന്റെ മകൻ നാദാബ് അവന്നു പകരം രാജാവായി (1 രാജാക്കന്മാർ 14:20).

‘‘മതി മതി, ഇനി നമുക്ക് യഹോവയെ ആരാധിക്കുന്നതിലേക്ക് മടങ്ങി പോകാം’’ എന്ന് *നാദാബിനു* പറയാമായിരുന്നു. പക്ഷെ അവൻ പറഞ്ഞോ? ഇല്ല:

> യെഹൂദാ രാജാവായ ആസയുടെ രണ്ടാമാണ്ടിൽ യൊരോബെയാമിന്റെ മകനായ നാദാബ് യിസ്രായേലിൽരാജാവായി; ... അവൻ രണ്ട് സംവൽസരം യിസ്രായേലിൽ വാണു, അവൻ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു. തന്റെ അപ്പന്റെ വഴിയിലും അവൻ യിസ്രായേലിനെ കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു (1 രാജാക്കന്മാർ 15:25, 26).

രണ്ട് സംവൽസരങ്ങൾക്ക് ശേഷം നാദാബിനെ ബായേശാ കൊന്നു (1 രാജാക്കന്മാർ 15:27, 28).

*ബായേശാ* ഒരു പുതിയ വാഴ്ച്ച ആരംഭിച്ചു. ഒരു പുതിയ തുടക്കമിട്ട്, യിസ്രായേലിന് ഒരു നല്ല രാജാവ് ഉണ്ടാകുവാനുള്ള സാധ്യത തെളിഞ്ഞു. പക്ഷെ വീണ്ടും അതുണ്ടായില്ല; അവൻ ഒരു കൂട്ടക്കൊല നടത്തിയിട്ടാണ് ഭരണത്തിലേക്ക് വരുന്നത്. ‘‘അവൻ രാജാവായ ഉടനെ യൊരോബെയാം ഗൃഹത്തെ മുഴുവനും നിഗ്രഹിച്ചു. അവൻ യൊരോബെയാമിന്നു ശ്വാസമുള്ള ഒരുവനേയും ശേഷിപ്പിക്കാതെ, അശേഷം മുടിച്ചുകളഞ്ഞു’’ (1 രാജാക്കന്മാർ 15:29). എന്നാൽ അവന്റെ വാഴ്ച്ച അവൻ കൊന്നവരേക്കാൾ ഒട്ടും മെച്ചമായിരുന്നില്ല.

> ... അഹിയാവിന്റെ മകനായ ബെയേശാ എല്ലാ യിസ്രായേലിന്നും രാജാവായി തിർസയിൽ ഇരുപത്തി-നാല് സംവൽസരം വാണു. അവൻ യഹോവക്ക് അനിഷ്ടമായുള്ളത് ചെയ്തു യൊരോബെയാമിന്റെ വഴിയിലും അവൻ യിസ്രായേലിനെ കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു (1 രാജാക്കന്മാർ 15:33, 34).

അവസാനം ബെയേശാ മരിക്കുകയും, അവന്റെ മകനായ ഏലാ രാജാവാകുകയും ചെയ്തു (1 രാജാക്കന്മാർ 16:6).

*ഏലാ* രണ്ട് സംവൽസരം വാണു (1 രാജാക്കന്മാർ 16:8). യിസ്രായേലിനെ ദൈവമില്ലാതെ വാണ നീണ്ട രാജാക്കന്മാരുടെ നിരയിലെ മറ്റൊരു കണ്ണിയായിരുന്നു അവൻ:

> എന്നാൽ രഥങ്ങളിൽ പകുതിക്ക് അധിപതിയായ, സിമ്രി എന്ന അവന്റെ ഭൃത്യൻ അവന്നു വിരോധമായി കൂട്ടുകെട്ടുണ്ടാക്കി, അവൻ തിർസയിൽ തിർസാരാജധാനിവിചാരകനായ അർസയുടെ വീട്ടിൽ കുടിച്ചു ലഹരിപിടിച്ചിരിക്കുമ്പോൾ, സിമ്രി അകത്തുകടന്നു അവനെ വെട്ടിക്കൊന്ന് ... അവന്നു പകരം രാജാവായി (1 രാജാക്കന്മാർ 16:9, 10).

ബെയേശായുടെ ഗൃഹത്തെ മുഴുവൻ നിഗ്രഹിച്ചുകൊണ്ടായിരുന്നു *സിമ്രി* തന്റെ വാഴ്ച്ച ആരംഭിച്ചത് (1 രാജാക്കന്മാർ 16:11). അവൻ എത്രകാലം നീണ്ടുനിന്നു? ‘‘സിമ്രി തിർസയിൽ ഏഴ് ദിവസം വാണു’’ (1 രാജാക്കന്മാർ 16:15). സിമ്രിയോടുള്ള കോപം നിമിത്തം, ജനങ്ങൾ സൈന്യാധിപനായ ഒമ്രിയെ പിടിച്ചു രാജാവാക്കി. സിമ്രി ആയിരുന്ന സ്ഥലത്ത് ഒമ്രി എത്തിയപ്പോൾ, അവനു രക്ഷപ്പെടുവാൻ മാർഗമില്ലാതാവുകയും, അവൻ രാജധാനിക്ക് തീ കൊടുക്കയും

ചെയ്തു. (''എനിക്ക് കഴിയുന്നില്ലെങ്കിൽ, ആർക്കും വേണ്ട'' എന്ന തത്വമായിരുന്നു അവന്റേത്.)

*ഒമ്രി.* അത് നമ്മെ ആഹാബിന്റെ അപ്പനായ ഒമ്രിയുടെ വാഴ്ച്ചയിലേക്ക് കൊണ്ടുവരുന്നു. ഏതാനും അനൈക്യവർഷങ്ങൾക്കു ശേഷം, ഒമ്രി വടക്കെ രാജ്യം മുഴുവനും ഭരിച്ചു. അവൻ പന്ത്രണ്ട് സംവൽസരം വാഴുകയും ശമര്യാ പട്ടണം നിർമ്മിക്കുകയും ചെയ്തു (1 രാജാക്കന്മാർ 16:23, 24). മനുഷ്യരുടെ കാഴ്ച്ചപ്പാടനുസരിച്ച് അവന്റെ വാഴ്ച്ച വിജയകരമായിരുന്നു. എന്നിരുന്നാലും ദൈവം എങ്ങനെ അതിനെ വീക്ഷിച്ചു?

> ഒമ്രി യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു. തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും അധികം ദോഷം പ്രവർത്തിച്ചു. എങ്ങനെയെന്നാൽ, അവൻ നെബോത്തിന്റെ മകനായ യൊരോബെയാമിന്റെ എല്ലാ വഴികളിലും യിസ്രായേലിന്റെ ദേവമായ യഹോവയെ തങ്ങളുടെ മിത്ഥ്യാമൂർത്തികളാൽ കോപിപ്പിക്കത്തക്കവണ്ണം യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിച്ച വഴികളിലും നടന്നു (1 രാജാക്കന്മാർ 16:25, 26).

അവൻ മരിച്ചപ്പോൾ, അവന്റെ മകൻ ആഹാബ് അവന്നു പകരം രാജാവായി (1 രാജാക്കന്മാർ 16:28).

രക്തം - ചിന്തൽ, അധോഗതി, കുലപാതകം, വിഗ്രഹാരാധന, ഉൾപ്പക, വെറുപ്പ്, രഹസ്യകൂട്ടുകെട്ട്, ഉപജാപം എന്നിവയുടെ നീണ്ട ദശാബ്ദങ്ങൾ നാം ക്ലേശിച്ചു നീങ്ങി. ഇപ്പോൾ, ''ഒമ്രിയുടെ മകനായ ആഹാബ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരേക്കാളും അധികം യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്തു'' എന്ന പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നത് നമുക്ക് മനസിലാക്കുവാൻ കഴിയും (1 രാജാക്കന്മാർ 16:30). നാം എത്തിയിരിക്കുന്നത് യിസ്രായേലിന്റെ ചരിത്രത്തിലെ നാശത്തിന്റെ ഏറ്റവും താഴ്ന്ന അവസ്ഥയിലാണ്. സിംഹാസനം അങ്ങനെയാകുമ്പോൾ, ദൈവജനത്തിന്റെ നേതൃത്വം അങ്ങനെയാണെങ്കിൽ, സാധാരണക്കാരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കുക!

നമ്മുടെ പഠനം പുനരാരംഭിക്കുമ്പോൾ, നമുക്ക് വാക്യം 31 നോക്കാം: ''നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടക്കുന്നത് പോരാ എന്നു അവനു [ആഹാബ്] തോന്നുമാറ് ...'' നാം ഇന്ന് ഇങ്ങനെ പറഞ്ഞേക്കാം, ''അതും പോരാഞ്ഞിട്ട്,'' അല്ലെങ്കിൽ ''വിഗ്രഹാരാധനക്ക് യാതൊരു അനന്തരഫലവുമില്ലാത്തതുപോലെ ...''

യിസ്രായേൽ അത്ര മോശമാകുകയില്ല എന്നു നാം വിചാരിച്ചുപോകും. പക്ഷെ അവർ വളരെ മോശമായി. എല്ലാവർക്കും തിരിച്ചറിയാവുന്ന പ്രയോഗമാണ് വാക്യം 31 ന്റെ അവസാനഭാഗം പറയുന്നത്: ''അവൻ സിദോന്യ രാജാവായിരുന്ന എത്ത്ബാലിന്റെ മകൾ ഈസെബേലിനെ ഭാര്യയായി പരിഗ്രഹിക്കുകയും, ബാലിനെ ചെന്നു സേവിച്ചു നമസ്ക്കരിക്കുകയും ചെയ്തു.''

നാം ഇതുവരെയും നോക്കിയ അദ്ധ്യായങ്ങളിൽ യിസ്രായേലിലെ ഒരു രാജാവിന്റെ വിവാഹ കാര്യത്തെ കുറിച്ചു വായിക്കുന്നില്ല. പക്ഷെ ഇവിടെ നാം അതു വായിക്കുന്നു. എന്തുകൊണ്ട്? ആദ്യമായി ആഹാബ് ആരെ വിവാഹം കഴിക്കുന്നു എന്നതാണ് കാരണം.

ഈസെബേൽ എന്ന പേർ കേൾക്കുമ്പോൾ നാം എന്താണ് വിചാരിക്കുന്നത്? അവൾ സുന്ദരിയും മോഹിപ്പിക്കുന്നവളുമായിരിക്കും എന്നാകാം - പ

ക്ഷെ അവൾ സൂത്രശാലിയും, ധാർമ്മികതയില്ലാതെ എന്തും ചെയ്യാൻ മടിയില്ലാത്തവളുമായിരുന്നു. ബൈബിളിലെ സ്ത്രീകളിൽവെച്ച് ഏറ്റവും നിന്ദ്യമായ സ്ത്രീയായിരുന്നു ഈസെബേൽ; അവളുടെ പേർ ദുഷ്ടതയുടെ പര്യായമായിരുന്നു. വെളിപ്പാട് പുസ്തകത്തിൽ, വിട്ടുവീഴ്ച്ച ചെയ്തു ജീവിച്ച തുയഥൈരയിലെ ഇടവകയെ ഈസെബേൽ അംഗമായ സഭ എന്നാണ് വിളിച്ചത് (2:20). ആരെങ്കിലും തന്റെ മകൾക്ക് ഈസെബേൽ എന്നു പേരിടുമോ എന്ന് എനിക്ക് അറിയില്ല.

നമ്മുടെ വേദഭാഗം പറയുന്നത് ''അവൾ സിദോന്യരാജാവായിരുന്ന എത്ത്ബാലിന്റെ മകൾ ആയിരുന്നു'' എന്നാണ്. അവൾ അന്യദേവനെ നമസ്ക്കരിച്ചിരുന്നവളായിരുന്നു. അന്യദേവനെ നമസ്ക്കരിക്കുന്നവരെ വിവാഹം കഴിക്കരുത് എന്ന് ദൈവം യിസ്രായേലിനോട് കൽപിച്ചിരുന്നു (ആവർത്തനപുസ്തകം 7:1–5). എങ്ങനെയായാലും, അവൾ അന്യദേവനെ നമസ്ക്കരിക്കുന്ന ഒരു സാധാരണ സ്ത്രീ ആയിരുന്നില്ല. ഫൊയ്നിക്യയിലെ മുഖ്യദേവനായിരുന്ന ബാലിന്റെ പുരോഹിതനായിരുന്നു എത്ത്ബാൽ എന്നാണ് ചരിത്രം പറയുന്നത്. പ്രത്യേകിച്ച്, ബാലിനെ പ്രദർശിപ്പിച്ചിരുന്ന മെൽക്കാർട്ടിന്റെയും അസ്താർത്തെയുടേയും പുരോഹിതനായിരുന്നു അവൻ. ശക്തിയുടെ ദേവന് സമർപ്പിക്കപ്പെട്ടതുകൊണ്ട്, ഫേലസിനെ കൊന്നുകൊണ്ടാണ് അവൻ സോരിന്റേയും സീദോന്റേയും രാജാവായി തീർന്നത്. രക്തക്കറ പുരണ്ടതായിരുന്നു അവന്റെ രാജകിയ വസ്ത്രം. അപ്പനിൽനിന്ന് ഈസെബേൽ പാഠങ്ങൾ നന്നായി പഠിച്ചിരുന്നു; അവളേക്കാൾ ബലഹീനരായ ആരെയും ദേവന്മാരിലേക്ക് ആകർഷിപ്പിക്കുവാൻ അവൾക്ക് കഴിഞ്ഞിരുന്നു. കരുണയും മനസലിവും അവളിൽ ഉണ്ടായിരുന്നില്ല.

അവൾ എന്തു ചെയ്തു എന്നതിനാലാണ്, ആഹാബ് അവളെ വിവാഹം കഴിക്കുവാനുള്ള രണ്ടാമത്തെ കാരണം. യിസ്രായേൽ സമൂഹത്തിന്, യഹോവയെ ആരാധിക്കുന്ന പ്രത്യേകദൈവജനത്തിന്, ബാൽ വിഗ്രഹത്തെ ആരാധിക്കുന്നതു പരിചയപ്പെടുത്തിയത് അവളായിരുന്നു.

''ബാൽ'' എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥം ''കർത്താവ്'' എന്നാണ്. കനാന്യർ അവരുടെ എല്ലാ ദേവന്മാരേയും ചേർത്ത് പൊതുവിൽ വിളിക്കുന്ന വാക്കായിരുന്നു അത്. അവരുടെ ഏറ്റവും ഉയർന്ന പുരുഷദേവനേയും വിളിക്കുവാൻ ആ വാക്ക് ഉപയോഗിച്ചിരുന്നു. സമൃദ്ധിയുടെ ദേവനായിരുന്നു ബാൽ: സൂര്യദേവൻ; ദേശത്തിന്റെ ദേവൻ, സസ്യലതാതികളുടെയും, വിളവിന്റേയും; ദേശത്തെയും, മഴയേയും, കാറ്റിനേയും, കാലാവസ്ഥയേയും നിയന്ത്രിച്ചിരുന്ന ദേവനായിരുന്നു അത്. കനാന്യർക്ക് നല്ല വിളവുണ്ടായാൽ അവർ യഹോവക്ക് നന്ദി ചെലുത്തിയിരുന്നില്ല; അവർ ബാലിനോ അല്ലെങ്കിൽ ബാലിന്റെ കീഴ് ദേവന്മാർക്കോ ആയിരുന്നു നന്ദി ചെലുത്തിയിരുന്നത്.

ബാലിനെ ആരാധിക്കുന്നത് കനാന്യരുടെ വളരെക്കാലമായ ആചാരത്തിന്റെ ഭാഗമായിരുന്നു, എന്നാൽ അത് യിസ്രായേലിൽ ഒരിക്കലും മുഖ്യകാര്യമായിരുന്നില്ല. യെരോബെയാം കാളക്കുട്ടികളെ ഉണ്ടാക്കി തെറ്റായി ആരാധിക്കുവാൻ പ്രേരിപ്പിച്ചിരുന്നുവെങ്കിലും അത് യഹോവയെന്ന വ്യാജേനയായിരുന്നു. എങ്ങനെയായാലും, ഇപ്പോൾ ഈസെബേൽ വന്നിരിക്കുന്നത് ഒരു മിഷ്ണറി എരിവോടെയാണ്. ശലോമോൻ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരെ വിവാഹം ചെയ്തപ്പോൾ, അവരെ പ്രസാദിപ്പിക്കുവാൻ അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിനൊപ്പം യഹോവയെ നമസ്ക്കരിക്കുന്നതും

നിലനിർത്തി, പക്ഷെ ഈസെബേൽ അതു ചെയ്തില്ല. അവളുടെ ദേവനാണ് സത്യമായ ദേവൻ, അതല്ലാതെ മറ്റൊന്നും പാടില്ല എന്നതായിരുന്നു അവളുടെ നയം; യഹോവയെ ആരാധിക്കുന്നതു ദേശത്തുനിന്നു തുടച്ചുനീക്കണം എന്നാണ് അവൾ വിചാരിച്ചത്.

യഹോവക്കായി പണിതിരുന്ന യാഗപീഠങ്ങളെയെല്ലാം ഇടിച്ചുകളഞ്ഞു. യഹോവയുടെ പ്രവാചകന്മാരെ വന്യമൃഗങ്ങളെപോലെ വേട്ടയാടി, ഒന്നുകിൽ നിശബ്ദരാക്കുകയോ അല്ലെങ്കിൽ കൊല്ലുകയോ ചെയ്തിരുന്നു. പിന്നെ ഈസെബേൽ 450 ബാൽ പുരോഹിതന്മാരെയും 400 അശേരാ പുരോഹിതന്മാരെയും, ഭൂയിഷ്ഠതയുടെ ദേവതയെയും, ബാലിന്റെ പ്രതിരൂപമായ സ്ത്രീദേവതകളെയും, അഭക്തരായ സന്ദേശവാഹകരെയും കൊണ്ട്, ''ബാലിന്റെ സുവിശേഷം'' ദേശത്ത് നിറച്ചു. ഈസെബേൽ ക്ഷേത്രങ്ങളും ശ്രീകോവിലുകളും നിർമ്മിച്ച് അവളുടെ ഭൃത്യമാരും അവിശുദ്ധമായ ആചാരങ്ങൾ ശ്രീകോവിലുകളിൽ നടത്തി വന്നു.

ആ സ്ത്രീ ചെയ്തതെല്ലാം ഞാൻ വായിച്ചപ്പോൾ, അതേ എരിവു *സത്യ*ത്തോട് ഉണ്ടായിരുന്നുവെങ്കിൽ, എന്തു നേട്ടം കൈവരിക്കാമായിരുന്നു എന്നു മാത്രമെ എനിക്ക് ചിന്തിക്കുവാൻ കഴിഞ്ഞുള്ളു. നാം അവൾ സ്വീകരിച്ച രീതികൾ അവലംബിക്കരുത്, എന്നാൽ ദൈവവഴി മാത്രമാണ് ഏകവഴി എന്നു നാം പൂർണ്ണമായി ഹൃദയത്തിൽ വിശ്വസിച്ച്, ആ നിശ്ചയദാർഢ്യത്തിൽ പ്രവർത്തിച്ചാൽ ദൈവത്തിന്റെ വചനം എത്ര ശക്തമായി വ്യാപിക്കും!

എങ്ങനെയായാലും, ഈസെബേലിന്റെ പ്രവർത്തികൾ അവിടെ അവസാനിക്കുന്നില്ല. നാം നമ്മുടെ വേദഭാഗത്തിലേക്ക് മടങ്ങി വന്നാൽ, ഈസെബേലിന്ന് എത്രത്തോളം ആഹാബിനെ സ്വാധീനിക്കുവാൻ കഴിഞ്ഞു എന്നു കാണാം:

> താൻ ശമര്യയിൽ പണിത ബാലിന്റെ ക്ഷേത്രത്തിൽ [അവൻ] ബാലിന്നു ഒരു യാഗപീഠം ഉണ്ടാക്കി. ആഹാബ് ഒരു അശേരാ പ്രതിഷ്ഠയും ഉണ്ടാക്കി (1 രാജാക്കന്മാർ 16:31–33).

തിരുവെഴുത്തിൽ നാം കാണുന്നത്, ആഹാബ് ബലഹീനനായ സ്ഥാനത്ത് ഈസെബേൽ ശക്തയായിരുന്നു എന്നാണ്. വിവാഹജീവിതത്തിൽ ഭരിക്കുന്നത് അവളായിരുന്നു. തീരുമാനങ്ങൾ എടുത്തിരുന്നത് അവളായിരുന്നു. തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണുവാനിരിക്കുന്ന പോരാട്ടം കാര്യമായി സംഭവിക്കുന്നത് ഏലിയാവും ആഹാബും തമ്മിലായിരുന്നില്ല, മറിച്ച് ഏലിയാവും ഈസെബേലും തമ്മിലായിരുന്നു: ഈസെബേൽ തിന്മയുടെ പ്രതിരൂപമായിരുന്നു, ഏലിയാവ് നന്മയുടെ പ്രതീകവുമായിരുന്നു, അതിനിടയിലായിരുന്നു ആഹാബ്.

ചിലപ്പോൾ, അപ്രതിരോധ്യശക്തിക്കും, നീക്കുവാൻ പറ്റാത്ത തടസത്തിനും ഇടയിലായ, ഏലിയാവിനും ഈസെബേലിനും ഇടയിലായിപോയ ആഹാബിനെ കാണുമ്പോൾ ദുഃഖമുണ്ടാകും. അവൻ മറ്റാരെയെങ്കിലും വിവാഹം കഴിച്ചിരുന്നുവെങ്കിൽ എന്നു വിചാരിച്ചുപോകും. ''അപ്പൻ എന്റെ സഹോദരനാണ്,'' അല്ലെങ്കിൽ ''സ്വർഗസ്ഥ പിതാവ് എന്റെ സഹോദരനാണ്'' എന്ന് അർത്ഥം വരുന്ന ചുരുക്കപ്പേരാണ് അവന്റേത്. യഹോവക്ക് ആദരവ് കൊടുക്കുന്ന പേരുകളാണ് അവൻ തന്റെ മക്കൾക്ക് നൽകിയത്: അഹസിയാ

വ് (''യഹോവ പിടിക്കുന്നു''), യെഹോരാം (''യഹോവ ഉയർന്നവൻ''), അഥല്യാവ് (''യഹോവ ശക്തൻ''). നാം കാണുവാനിരിക്കുന്നതുപോലെ, ഒരിക്കൽ അവൻ യഹോവയുടെ മുൻപാകെ തന്നെത്താൻ താഴ്ത്തി.

വിവാഹം നടന്നപ്പോൾ, അത് രാഷ്ട്രീയമായി വലിയ ഒരു നേട്ടമായി കരുതിയിരിക്കാം. കാരണം അന്ന് സോർ മഹത്വത്തിന്റെ ഉന്നതിയിലായിരുന്നു. ധനികമായ ഫൊയ്നിക്യയിലെ ഒരു സുന്ദരിയായ രാജകുമാരിയെ, യിസ്രായേലിന്റെ രാജകുമാരൻ വിവാഹം കഴിക്കുന്നത് തീർച്ചയായും വലിയ സ്ത്രീധനം ലഭിക്കുന്നതായി കണക്കാക്കിയിരുന്നു. എങ്ങനെയായാലും, ആ വിവാഹം ആഹാബിനേയും ഏതാണ്ട് രാഷ്ട്രത്തെ തന്നെയും നശിപ്പിച്ചു.

നാം ആരെ വിവാഹം കഴിക്കുന്നു എന്നത് വ്യത്യാസം ജനിപ്പിക്കുമോ? ഒരിക്കലും അതിൽ സംശയിക്കേണ്ടതില്ല. നാം ആരെ വിവാഹം കഴിക്കുന്നു എന്നത് മറ്റെല്ലാ തീരുമാനത്തേക്കാളും നമ്മുടെ സന്തോഷത്തെ ബാധിക്കുന്നതാണ്.

അപ്പോൾ വാക്യം 33 ന്റെ അവസാനഭാഗത്ത് നാം ഇങ്ങനെ വായിക്കുന്നതിൽ അതിശയിക്കുവാനില്ല: ''അങ്ങനെ ആഹാബ് യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിക്കത്തക്കവണ്ണം തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേൽ രാജാക്കന്മാരേക്കാളും അധികം ദോഷം പ്രവർത്തിച്ചു.''

ഹൃദയവേദനയോടും, നെടുവീർപ്പോടുംകൂടെയാണ് ആ വാക്യം അവസാനിപ്പിക്കുന്നത്. ഏകസത്യദൈവത്തിലുള്ള അവരുടെ ചഞ്ചലമായി ജ്വലിച്ചുകൊണ്ടിരുന്ന വിശ്വാസം അണയാറായി. ആ സാഹചര്യത്തെ ഒരു ഉപദേഷ്ടാവ് ഇങ്ങനെ ചുരുക്കി പറഞ്ഞു, ''സിംഹാസനത്തിൽ വൃത്തികെട്ട ജന്തു പതുങ്ങി കിടന്നിരുന്നു; അടുത്ത് അണലി ചുരുണ്ടുകൂടി കിടന്നിരുന്നു.'' ബാലിന്റെ മിഷ്ണറിമാരെ കൊണ്ട് ദേശം നിറഞ്ഞിരുന്നു. യിസ്രായേൽ ജനമോ? അവർ രണ്ട് അഭിപ്രായങ്ങൾക്കിടയിൽ ഞെരുങ്ങിക്കൊണ്ടിരുന്നു. രാഷ്ട്രീയ പ്രായോഗികത ഇങ്ങനെ പറഞ്ഞു, ''ബഹളം ഇളക്കി വിടാതിരിക്കുക; ശാന്തമായിരിക്കുന്നതാണ് ബുദ്ധി.'' സഹിഷ്ണുതയുടെ സമ്മാന - പ്പൊതിയിൽ വിട്ടുവീഴ്ച്ചയായിരുന്നു.

ബാലിന്നു മുട്ടുകുത്തുകയോ, വിഗ്രഹത്തെ നമസ്ക്കരിക്കയോ ചെയ്യാത്ത ഏഴായിരം പേരുണ്ടായിരുന്നു, പക്ഷെ അവരുടെ ശബ്ദം പുറത്തുവന്നില്ല. അപ്പോഴും യഹോവയുടെ നൂറ് പ്രവാചകന്മാരുണ്ടായിരുന്നു, പക്ഷെ അവർ മറെഞ്ഞു കിടക്കുന്ന ഗുഹയിൽ ഒളിച്ച്, ഭയന്നുവിറച്ചു കഴിഞ്ഞു.

യഹോവക്കു വേണ്ടി ആർ നിൽക്കും?

യിസ്രായേലിൽ ദൈവപുരുഷൻ എവിടെ?

മാരക പ്രവർത്തകരായ ആഹാബിനും ഈസെബേലിനും അവരുടെ പുരോഹിത സൈന്യത്തിനും എതിരായി നിൽക്കുവാൻ ആരാണുണ്ടായിരുന്നത്?

ആ ചോദ്യങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് നമുക്ക് തോന്നുന്നുവോ? നമുക്ക് ചുറ്റും അധാർമ്മികതയും വ്യാജമതങ്ങളുമാണുള്ളത്. ചുറ്റുപാടുകളിൽ നിന്നു വ്യത്യാസം തിരിച്ചറിയാത്തവിധത്തിലാണ് നാമധേയവിഭാഗങ്ങളെല്ലാം കാണപ്പെടുന്നത്. മതപരമായ സാമാന്യത്വം വർദ്ധിച്ചുവരികയാണ്. തിരക്കുപിടിച്ച ജീവിതത്തിൽ നമ്മിൽ പലരും ഫലം പുറപ്പെടുവിക്കാത്തവരായിരിക്കുന്നു.

കർത്താവിനു വേണ്ടി ആർ നിൽക്കും? ആരാണുള്ളത്?

അദ്ധ്യായം 16 അവസാനിപ്പിക്കുന്നത് തികച്ചും അപരിചിതമായ വാക്യം പറയുന്നത് ബന്ധമില്ലാത്ത സംഭവത്തെ പറയുന്നു എന്നു തോന്നുന്നു:

> അവന്റെ കാലത്ത് ബേഥേല്യനായ ഹീയേൽ യെരീഹോ പണിതു; യഹോവ നൂന്റെ മകനായ യോശുവ മുഖാന്തരം അരുളിച്ചെയ്ത വചന പ്രകാരം അതിന്റെ അടിസ്ഥാനം ഇട്ടപ്പോൾ അവന്നു അബീറാം എന്ന മൂത്ത മകനും അതിന്റെ പടിവാതിൽ വെച്ചപ്പോൾ ശെഗൂബു എന്ന ഇള യമകനും നഷ്ടം വന്നു (വാക്യം 34).

നാം വീണ്ടും നോക്കുമ്പോൾ, ''യഹോവ അരുളിച്ചെയ്തപ്രകാരം'' എന്നു കാണുന്നു. അത് ദൈവശ്വാസിയത സത്യമാണെന്ന് മുന്നറിയിക്കുകയാണ്.[1] ദൈവം ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന് എഴു ത്തുകാരൻ നമ്മെ ബോധ്യപ്പെടുത്തുകയാണ്.

അങ്ങനെ നാം അദ്ധ്യായം 17 ന്റെ ആദ്യവാക്യത്തിലേക്ക് വരുന്നു:

> ''എന്നാൽ ഗിലെയാദിലെ തിശ്ബ്യയിൽനിന്നുള്ള തിശ്ബ്യനായ ഏലി യാവ് ആഹാബിനോട് ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞു.''

''എന്നാൽ ഏലിയാവ് ... പറഞ്ഞു, ...'' എന്നതാണ് മുഖ്യവാക്കുകൾ.

### യിസ്രായേലിലെ ദൈവ പുരുഷൻ

യിസ്രായേലിൽ ദൈവത്തിനു ഒരു മനുഷ്യനുണ്ടായിരുന്നു, അവന്റെ പേ രായിരുന്നു ഏലിയാവ്.

ആരായിരുന്നു ഈ ഏലിയാവ്? ഇതിനുമുൻപ് നാം വായിച്ച ഭാഗ ത്തൊന്നും അവനെ കുറിച്ചു പറയുന്നില്ല, ഇപ്പോൾ പെട്ടെന്ന് അവൻ രംഗപ്ര വേശനം നടത്തിയിരിക്കുന്നു, അത് രാജാവിനെയും, രാജ്ഞിയേയും, ദേശിയ മതത്തെയും ബാലിന്റെ പ്രവാചകന്മാരെയും ദേശത്തെ തന്നെയും വെല്ലുവി ളിച്ചുകൊണ്ടാണ് വരുന്നത്!

ഏലിയാവിനെ കുറിച്ച് നമുക്ക് വളരെ കുറച്ചു മാത്രമെ അറിയാവു. അവന്റെ കുടംബത്തെ കുറിച്ചോ, ബാല്യത്തെ കുറിച്ചോ, അവന് എങ്ങനെ ദൈവത്തിന്റെ കൽപനകൾ ലഭിച്ചുവെന്നോ നമുക്ക് ഒന്നും അറിയില്ല. എങ്ങ നെയായാലും, നമുക്ക് അറിവുള്ള കുറച്ചു കാര്യങ്ങൾ വളരെ പ്രാധാന്യമു ള്ളവയാണ്.

ഏലിയാവ് ''ഗിലെയാദിലെ തിശ്ബ്യയിൽനിന്നുള്ള ... തിശ്ബ്യനായി രുന്നു'' എന്നതു സൂചിപ്പിക്കുന്നത് ഒരു കുഗ്രാമമായ ''തിശ്ബ്യയിൽ'' നിന്നാണ് ഏലിയാവ് വരുന്നത് എന്നാണ്. യോർദ്ദാൻ നദിയുടെ കിഴക്ക് വനപ്രദേശത്ത് സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു ഗിലെയാദ് (ഈ പുസ്തകത്തിലുള്ള ഭൂപടം നോക്കുക). അത് ഒരുപ്പെട്ട നിർജനപ്രദേശമായിരുന്നു. മതിലുകളുള്ള പട്ടണമൊന്നുമില്ലായിരുന്നു; തദ്ദേശവാസികളിലധികവും കൂടാരങ്ങളിലായി രുന്നു താമസിച്ചിരുന്നത്. ആടുമാടുകളെ വളർത്തിയാണ് ജീവിച്ചിരുന്നത്. പ കുതി പരിഷ്ക്കാരം മാത്രമുള്ള സ്ഥലമായിരുന്നതിനാൽ, വലിയ സങ്കീർണ്ണത കളൊന്നുമില്ലാത്തവരായിരുന്നു ആളുകൾ.

ആഹാബിനേയും ഈസെബേലിനേയും പ്രീതിപ്പെടുത്തുന്ന വിധത്തിൽ രക്താംമ്പരം പോലെയുള്ള മിന്നുന്ന വസ്ത്രധാരിയെയായിരുന്നില്ല ദൈവം

തിരഞ്ഞെടുത്തത്. മറിച്ച്, വനത്തിലെ സർവ്വകലാശാലയിലെ വിദ്യാഭ്യാസ മുള്ള, ഏകാന്തതയെ കുറിച്ചുള്ള ബിരുദാനന്തരബിരുദമുള്ള ആളെയായിരുന്നു ദൈവം തിരഞ്ഞെടുത്തത്.

''അവൻ രോമവസ്ത്രം ധരിച്ചു അരെക്കു തോൽവാറു [അല്ലെങ്കിൽ വീതി യുള്ള ബെൽറ്റ് കെട്ടിയ] ആളായിരുന്നു'' എന്നാണ് ഏലിയാവിനെ കുറിച്ച് വിവരിച്ചത് (2 രാജാക്കന്മാർ 1:8). രോമം കൊണ്ടുണ്ടാക്കിയ പരുപരുത്ത വസ്ത്രമായിരുന്നു അവൻ ധരിച്ചിരുന്നത് (സെഖര്യാവ് 13:4). ഏലിയാവിന്റെ ആത്മാവിൽ യോഹന്നാൻ സ്നാപകൻ വന്നപ്പോൾ, ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും തോൽ വാറുമായിരുന്നു ധരിച്ചിരുന്നത്, കാട്ടുതേനും വെട്ടുക്കിളിയു മായിരുന്നു അവന്റെ ആഹാരം (മത്തായി 3:4).

ഏലിയാവെന്നു കേൾക്കുമ്പോൾ, നമ്മുടെ മനസിൽ വരുന്നത്, താടിയും, മുടിയും നീട്ടി വളർത്തിയ പരുപരുത്ത വസ്ത്രം ധരിച്ചതും ത്വക്ക് പഴകിയ തോ ലിന്റെ നിറംപോലെയും ഉള്ള, ഒരു കാട്ടു-ജാതിയുടെ രൂപമായിരിക്കാം; ഒരു കായികാഭ്യാസിയുടെ ശരീരം പോലെ ഉറച്ച ശരീരവും ഗിലെയാദിൽ വളർന്ന തിനാൽ, കുതിരയെ പോലെ അതിവേഗത്തിൽ ഓടുവാനും കഴിഞ്ഞിരിക്കാം. ജീവനുള്ള – ദൈവത്തിനുവേണ്ടിയുള്ള എരിവ് അവന്റെ കണ്ണുകളിൽ ജ്വലിക്കു ന്നുണ്ടാകാം; അവന്റെ മേലങ്കി അയഞ്ഞു തൂങ്ങിക്കിടന്നിരിക്കാം – പരുപരുത്ത വസ്ത്രം ആവരണമായി അവനിൽ കിടന്നിരിക്കാം – അങ്ങനെയായിരിക്കാം അവൻ തന്റെ ദൗത്യനിർവ്വഹണവും അത്ഭുതങ്ങളും നടത്തിയിരുന്നത്.

നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. മനുഷ്യൻ കാണുന്നതുപോ ലെ അല്ല ദൈവം കാണുന്നത്. പലപ്പോഴും നാം പറയും, ''എനിക്ക് അതിനു ള്ള യോഗ്യതയില്ല. അതു ചെയ്യുവാൻ ഞാൻ ഒരുങ്ങിയിട്ടില്ല. എനിക്ക് അതിനു ള്ള കഴിവില്ല. എനിക്ക് അതിനുള്ള വിദ്യാഭ്യാസം ഇല്ല.'' എങ്ങനെയായാലും, ദൈവം നോക്കുന്നത്, തന്നിൽ നിലനിൽക്കുന്ന – ഏലിയാവിന്റേതുപോലെ യുള്ള എരിവുള്ള ഹൃദയമാണ്.

ഇപ്പോൾ, ആ വന്യജന്തുവിനെ പോലെ തോന്നിക്കുന്ന ആൾ രാജാവിന്റെ മുൻപിൽ നിന്നു വെല്ലുവിളിക്കുന്നു: ''ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേ ലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞിട്ടല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല'' (1 രാജാക്കന്മാർ 17:1).

ഏലിയാവ് ഉയർത്തിയ വെല്ലുവിളിയിലെ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കുക:

(1) ആ വെല്ലുവിളി രാജാവിനോടായിരുന്നു. ആ ദൈവമില്ലാത്ത മതത്തെ നീക്കം ചെയ്യുവാനായി ഏലിയാവ് ആദ്യം പോകുന്നത് ഏറ്റവും മുകളിലാണ്.

(2) അത് ബാലിനെതിരായ വെല്ലുവിളിയായിരുന്നു. ബാൽ അവരുടെ പ്ര കൃതിദേവനായിരുന്നു. മഞ്ഞും മഴയും നിയന്ത്രിച്ചിരുന്നത് ബാൽ ആയിരുന്നു എന്നാണ് അവർ വിശ്വസിച്ചിരുന്നത്. ഫലത്തിൽ ഏലിയാവ് പറഞ്ഞു, ''ദൈവ ത്തോട് അപേക്ഷിച്ചാലാണ് മഴ പെയ്യുന്നത്, അവൻ ആയിരിക്കട്ടെ ദൈവം!''

(3) ഒരാൾ തനിച്ച് നടത്തിയ വെല്ലുവിളിയായിരുന്നു അത്. അവന്റെ ജീവിതത്തെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ അവൻ പലപ്പോഴും ഏകനായി രിക്കുന്നതു കാണാം – സ്നേഹിതന്മാരോ, കൂട്ടുകാരോ ഇല്ലാതെ, അല്ലെങ്കിൽ സഹപ്രവർത്തകരോ, പിന്താങ്ങി ശക്തി നൽകുന്നവരോ അവനോടൊപ്പം ഇല്ലാ യിരുന്നു – ധാർമ്മികമായ അപകടത്തെ അവൻ നേരിടുന്നത് ഒറ്റക്കായിരുന്നു.

ഈ കാര്യത്തിൽ നമ്മിൽ പലർക്കും ഏലിയാവിനെ അങ്ങനെ തിരിച്ചറിയു വാൻ കഴിയും. ചിലപ്പോൾ, നാം സ്കൂളിൽ പോകുമ്പോൾ, നമ്മുടെ പ്രവൃത്തി

മണ്ഡലങ്ങളിൽ, അയൽക്കാർക്കിടയിൽ, ഒരുപക്ഷെ സഭയിൽ പോലും നാം ഒരുക്ക് നിൽക്കേണ്ടതായി വന്നേക്കാം. അതു വിഷമമുള്ള കാര്യമാണ് അല്ലേ?

അത്തരം പ്രതികൂല സാഹചര്യത്തിനെതിരായി നിൽക്കുവാൻ ഏലിയാവിനെ പ്രാപ്തനാക്കിയതെന്താണ്? അവൻ ഏകനായിരുന്നില്ല എന്നതാണ് ഉത്തരം. നമ്മുടെ വേദഭാഗം പറയുന്നു, ''എന്നാൽ ഏലിയാവ് ... ആഹാബിനോട് പറഞ്ഞു, ... 'ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ.' '' ഏലിയാവിന്ന് *ആത്മ*വിശ്വാസമായിരുന്നില്ല ഉണ്ടായിരുന്നത്, മറിച്ച്, *യഹോവ* വിശ്വാസമായിരുന്നു. അവൻ ഏലിയാവിലായിരുന്നില്ല ആശ്രയിച്ചത്, പിന്നെയോ പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവിലായിരുന്നു.

ആ മനുഷ്യനെ കുറിച്ച് വളരെ കുറച്ചു മാത്രമെ നമുക്ക് അറിയാവു എന്ന് നാം മുൻപ് പറഞ്ഞു, എന്നാൽ ഒരു കാര്യം നമുക്ക് അനുമാനിക്കാം: അവന് യഹോവയെ സ്നേഹിച്ച അമ്മയപ്പന്മാരുണ്ടായിരുന്നു. ഞാൻ എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? കാരണം അവർ അവനു നൽകിയ പേർ. ''ഏലിയാവ്'' എന്നത് ഒരു സംയുക്തവാക്കാണ്. ''ഏൽ'' എന്ന എബ്രായ വാക്ക് ''ദൈവം'' എന്നതിനുപയോഗിക്കുന്ന ''ജാഹ്'' (അല്ലെങ്കിൽ ''യാഹ്'') എന്നത് ''യഹോവ'' എന്നതിന്റെ ചുരുക്കപ്പേരാണ്. എബ്രായഭാഷയിൽ ''ഐ'' എന്നത് ''എന്റെ'' അല്ലെങ്കിൽ ''എനിക്ക്'' എന്നു സൂചിപ്പിക്കുന്നതാണ്. അവന്റെ പേർ അക്ഷരികമായി ''എന്റെ ദൈവം യഹോവ ആകുന്നു'' എന്നാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ''എന്റെ ദൈവം ബാൽ അല്ല, ആഹാബ് അല്ല, യഹോവയാണ്.''

യഹോവയിലുള്ള ആശ്രയമാണ് അവന്റെ പേർ സൂചിപ്പിക്കുന്നത്. ഈ അവസരത്തിൽ അവൻ പറഞ്ഞ പ്രസ്താവനയും അവന് യഹോവയിലുള്ള വിശ്വാസം എടുത്തു കാണിക്കുന്നതായിരുന്നു: ''ഞാൻ സേവിച്ചുവരുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ'' എന്ന വാക്കുകൾക്ക് ആഴമേറിയ അർത്ഥമുണ്ടായിരുന്നു.

''യഹോവ ജീവിച്ചിരിക്കുന്നുണ്ട്, എന്നാൽ നിങ്ങളുടെ അന്യദേവന്മാരാണ് ഒന്നുമല്ലാതെ നിർജീവമായിരിക്കുന്നത്.'' എന്നാണ് ഏലിയാവ് പറഞ്ഞത്.

ഏലിയാവ് പറഞ്ഞത്, ''ഞാൻ നിൽക്കുന്നത് ജീവനുള്ള ദൈവത്തിന്റെ മുൻപിലാണ്. ഞാൻ നിന്റെ സന്നിധിയിലാണെങ്കിലും, ആഹാബേ, ഞാൻ ദൈവത്തിനുവേണ്ടിയാണ് നിന്റെ മുൻപിൽ നിൽക്കുന്നത്, *അവന്റെ* സാന്നിധ്യം എനിക്കറിയാം.''

ഏലിയാവ് പറഞ്ഞത്, ''ഞാൻ അവന്റെ സന്നിധിയിൽ നിൽക്കുന്നത് ദൈവത്തിന്റെ ദാസനായിട്ടാണ്, നിനക്കു വേണ്ടിയല്ല, അവനു വേണ്ടിയാണ്, *അവന്റെ* പ്രതിനിധിയായിട്ടാണ് ഞാൻ നിന്റെ മുൻപിൽ നിൽക്കുന്നത്.''

''ഞാൻ ദൈവത്തെ ഭയപ്പെടും, നിന്നെ ഭയപ്പെടുകയില്ല'' എന്നാണ് ഏലിയാവ് പറഞ്ഞത്.

ഉവ്വ്, ദൈവത്തിന്ന്, യിസ്രായേലിൽ അവന്റെ ഒരു പുരുഷൻ ഉണ്ടായിരുന്നു.

**ഉപസംഹാരം**

നമുക്ക് ഇനി ഈ പാഠത്തിന് വ്യക്തിപരമായ പ്രായോഗികത വരുത്താം.

ഈ പ്രത്യേക കാലയളവിലും, ദൈവത്തിന് പ്രത്യേക പുരുഷന്മാരും, സ്ത്രീകളും, ആൺകുട്ടികളും പെൺകുട്ടികളും ആവശ്യമാണ്. പ്രയാസമു

ള്ള ഘട്ടങ്ങളിൽ തനിക്കു വേണ്ടി നിൽക്കുവാൻ കെൽപുള്ളവരെ ദൈവം നോക്കിക്കൊണ്ടിരിക്കയാണ്, ഒരുക്കു നിൽക്കേണ്ടി വന്നാലും. അപ്പന്മാർ, അമ്മ മാർ, ഭർത്താക്കന്മാർ, ഭാര്യമാർ, ആൺമക്കൾ, പെൺമക്കൾ, ജോലിക്കാർ, ജോലി ചെയ്യിക്കുന്നവർ, വിരമിച്ചവർ, വിദ്യാർത്ഥികൾ, ചെറിയ കുട്ടികൾ, കൗമാര-പ്രായക്കാർ, പ്രായപൂർത്തിയായവർ, യുവാക്കൾ, പ്രായമായവർ, മദ്ധ്യ-വയസ്ക്കർ: നിങ്ങളെ ദൈവം പ്രത്യേക ജനമാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ സമർപ്പിക്കപ്പെട്ടാൽ കൈവരിക്കാവുന്ന നേട്ടങ്ങളെയാണ് ഏലിയാവിന്റെ ജീവിതം വ്യക്തമാക്കുന്നത്.

സാഹസം എന്തായാലും, എല്ലായ്പ്പോഴും അവന്റെ ഇഷ്ടം ചെയ്യുവാൻ തയ്യാറായി മറ്റൊന്നും നോക്കാതെ, പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുന്ന വരെ മാത്രമാണ് ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുക എന്നും ഏലിയാവിന്റെ ജീവിതം തെളിയിക്കുന്നു. അത്തരത്തിലുള്ള ഒരാൾ ആകുവാൻ നിങ്ങൾ തയ്യാറാണോ?

---

കുറിപ്പ്

[1]ശാപം യോശുവ 6:26-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

---

## ദൃശ്യ-സഹായ കുറിപ്പുകൾ

ഈ പരമ്പരയിലെ പല പാഠങ്ങൾക്കും ഉപയോഗിക്കാവുന്ന നിസാരമായ ദൃശ്യസഹായങ്ങൾ പറയുന്നുണ്ട്. ഈ പുസ്തകത്തിൽ ആദ്യത്തെ പാഠത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭൂപടം പരമ്പരയിലുടനീളം പാഠങ്ങളിൽ പരാമർശിക്കുന്ന പട്ടണങ്ങളും സ്ഥലങ്ങളും കാണുവാൻ സഹായിക്കും.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- ഏ. പഴയനിയമത്തിലെ അസാധാരണ മനുഷ്യനുമായിട്ടാണ് നാം നമ്മു ടെ പഠനം ആരംഭിക്കുന്നത്.
  1. അവനെ കുറിച്ച് പുതിയനിയമത്തിൽ മുപ്പതിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്.
  2. യേശു മറുരൂപപ്പെട്ടപ്പോൾ അവനോടുകൂടെ കണ്ട ഒരാളായിരുന്നു ഏലിയാവ്.
- ബി. അവൻ പൂർണ്ണതയുള്ളവനായിരുന്നുവെന്നോ, അസാമാന്യ മനുഷ്യനായിരുന്നുവെന്നോ ധരിക്കരുത്. അവൻ പ്രത്യേകത*യുള്ള* സമയത്ത് ദൈവത്തിന് പ്രത്യേകതയുള്ളവനായിരുന്നു.

I. ഏലിയാവിന്റെ കാലത്തെ യിസ്രായേൽ
- ഏ. അവന്റെ കാലത്തെ പശ്ചാത്തലം മനസിലായാൽ മാത്രമെ നമുക്ക് ഏലിയാവിനെ പൂർണ്ണമായി അനുമോദിക്കുവാൻ കഴിയു.
  1. നമുക്ക് 1 രാജാക്കന്മാർ 16:29 മുതൽ ആരംഭിക്കാം.
     - ഏ. യിസ്രായേൽ രണ്ട് രാജ്യങ്ങളായി വിഭജിക്കപ്പെ

ട്ടു. ഏലിയാവ് വടക്കേ രാജ്യത്തിലാണ് പ്രവർത്തിച്ച ത്.

ബി. ആഹാബ് യിസ്രായേലിനെ ഇരുപത്തി-രണ്ട് വർഷം ഭരിച്ചു.

2. ആഹാബ് തന്റെ ജീവിതത്തിൽ പലതും നേടി, എന്നാൽ ദൈവ ശ്വാസിയ എഴുത്തുകാർ അവയെ കുറിച്ച് വളരെ കുറച്ചു മാത്ര മാണ് പറഞ്ഞത്. ആഹാബിന്റെ വാഴ്ച്ചയെ ദൈവം കണ്ടത് ഒന്നു രാജാക്കന്മാർ 16:30 പറയുന്നു, ''അവന്ന് മുമ്പുണ്ടായിരുന്ന ... എ ല്ലാവരേക്കാളും ദോഷം പ്ര വർത്തിച്ചു'' എന്നാണ്.

ഏ. യെരോബെയാമിനേക്കാളും മോശമായിരുന്നു (1 രാജാക്ക ന്മാർ 12:28, 29, 31, 33)

ബി. നാദാബിനേക്കാളും മോശം (1 രാജാക്കന്മാർ 15:26, 27)

സി. ബെയേശയേക്കാളും മോശം (1 രാജാക്കന്മാർ 15:29, 33, 34)

ഡി. ഏലായേക്കാൾ മോശം (1 രാജാക്കന്മാർ 16:8–10)

ഈ. സിമ്രിയേക്കാൾ മോശം (1 രാജാക്കന്മാർ 16:11, 15)

എഫ്. ഒമ്രിയേക്കാൾ മോശം (1 രാജാക്കന്മാർ 16:23–26)

3. ആഹാബ് ഈസെബേലിനെ ഭാര്യയായെടുത്തു (1 രാജാക്ക ന്മാർ 16:31). ഒരു യിസ്രായേൽ രാജാവിന്റെ വിവാഹത്തെ കുറിച്ച് ആദ്യ മായിട്ടാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്തു കൊണ്ടാണ് അത് പറഞ്ഞത്?

ഏ. ഈസെബേൽ ആരായിരുന്നു എന്നതുകൊ ണ്ട് (വെളിപ്പാട് 2:20) ''സിദോന്യ രാജാവായി രുന്ന എത്ത്ബാലിന്റെ മകളാ യിരുന്നു അവൾ'' അന്യദേവനെ നമസ്ക്കരിച്ചിരുന്നവളായി രുന്നു (ആവർത്തനപുസ്തകം 7:1–5). അവളുടെ അപ്പൻ ബാ ലിന്റെ പുരോഹിതൻ ആയിരുന്നു.

ബി. ഈസെബേൽ എന്തു ചെയ്തു എന്നതുകൊണ്ട്. അവൾ ഒരു മിഷ്ണറി എരിവോടെ ബാലിനെ ആരാ ധിക്കുന്നത് യിസ്രായേൽ സമൂഹത്തിന് പരിചയപ്പെടു ത്തി.

സി. ഈസെബേൽ തന്റെ ഭർത്താവിനെ സ്വീധീനി ച്ചതുകൊണ്ട്: 1 രാജാക്കന്മാർ 16:31–33. ആഹാബ് ബലഹീനമായിരുന്ന സ്ഥാനത്ത് അവൾ ശക്തയായി രുന്നു. (നിങ്ങൾ ആരെ വിവാഹം ചെയ്യുന്നു എന്നത് വ്യത്യാസം ജനിപ്പിക്കും!)

4. ''അവന് മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേൽ രാജാക്കന്മാ രേക്കാളും ആഹാബ് ദോഷം പ്രവർത്തിച്ചു'' (1 രാജാക്കന്മാർ 16:33).

ബി. ചില സമയത്ത്, ആരെങ്കിലും യഹോവക്കു വേണ്ടി നിൽക്കുമോ ഇല്ലയോ എന്നതാണ് നോക്കേണ്ടത്. യിസ്രായേലിൽ ദൈവ ത്തിന്റെ മനുഷ്യൻ ഉണ്ടായിരുന്നോ?

1. ഒന്നു രാജാക്കന്മാർ 16 അവസാനിപ്പിക്കുന്നത് ഒരു അപരിചിതത്വത്തോടുകൂടിയാണ്: വാക്യം 34. ദൈവം അപ്പോഴും ജീവിക്കുന്നു; ദൈവം അപ്പോഴും പ്രവർത്തിക്കുന്നു!
2. 1 രാജാക്കന്മാർ 17:1 ശ്രദ്ധിക്കുക. ദൈവത്തിന്റെ മനുഷ്യൻ യിസ്രാ യേലിൽ ഉണ്ടായിരുന്നു, അവന്റെ പേരായിരുന്നു ഏലിയാവ്.

II. യിസ്രായേലിൽ ദൈവ മനുഷ്യൻ

ഏ. ആരായിരുന്നു ഏലിയാവ്?

1. അവൻ ‘‘ഗിലെയാദിലെ ... തിശിബ്യനായിരുന്നു.’’
   - ഏ. ‘‘തിശിബ്യൻ’’ എന്നു പറഞ്ഞാൽ തിശ്ബ്യ എന്ന കുഗ്രാമ ത്തിൽ നിന്നുള്ളവൻ എന്നർത്ഥം.
   - ബി. യോർദ്ദാൻ നനദിയുടെ കിഴക്ക് വനത്തോട് ചേർന്നു കിടന്ന സ്ഥലമായിരുന്നു ‘‘ഗിലെയാദ്.’’
2. ഏലിയാവ് ‘‘രോമം കൊണ്ടുള്ള വസ്ത്രം ധരിച്ചും അരെക്കു തോൽ വാറു കെട്ടിയും ഇരുന്നു’’ (2 രാജാക്കന്മാർ 1:8; സെഖര്യാവ് 13:4; മത്തായി 3:4 നോക്കുക).

ബി. ആ കാട്ടുജാതിക്കാരനെ പോലെയുള്ള ആൾ രാജാവിന്റെ മുൻപിൽ വെല്ലുവിളിയുമായി നിൽക്കുന്നതു നോക്കുക: 1 രാജാക്കന്മാർ 17:1.

1. വെല്ലുവിളിയിലെ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കുക:
   - ഏ. അത് രാജാവിനു കൊടുത്ത വെല്ലുവിളി ആയിരുന്നു.
   - ബി. അതു ബാലിന് എതിരായ വെല്ലുവിളി ആയിരുന്നു.
   - സി. ഒരാൾ തനിച്ച് നൽകുന്ന വെല്ലുവിളിയായിരുന്നു.
2. പ്രതികൂലത്തിൽ തനിച്ചു വെല്ലുവിളി നൽകുവാൻ എന്താണ് ഏലിയാവിനെ പ്രാപ്തമാക്കിയത്? ഏലിയാവിന്റെ വിശ്വാസം ദൈവത്തിൽ ആയിരുന്നു.
   - ഏ. അവന്റെ അപ്പനും അമ്മയും സത്യദൈവത്തിൽ വിശ്വസ്തരായിരുന്നു എന്ന് അവന്റെ പേർ വെളിപ്പെടുത്തുന്നു.
   - ബി. അവന്റെ വാക്കുകൾ ദൈവവിശ്വാസത്തെ സൂചിപ്പിക്കുന്നു.

സി. അവൻ ആയിരുന്നു യിസ്രായേലിലെ ദൈവ മനുഷ്യൻ.

ഉപസംഹാരം

ഏ. ഈ പ്രത്യേകകാലത്തും ദൈവത്തിന് പ്രത്യേകമായ ആളുകൾ ആവശ്യമുണ്ട്, എന്നാൽ അവനോട് പൂർണ്ണസമർപ്പണമുള്ളവരെ മാത്രമെ ദൈവം ഉപയോഗിക്കയുള്ളു.

ബി. ദൈവത്തിന്റെപുരുഷൻ അല്ലെങ്കിൽ സ്ത്രീ ആയി ജീവിക്കുവാൻ *നിങ്ങൾ* തയ്യാറാണോ?